# കേരള സർക്കാർ

# കവളങ്ങാട് ഗ്രാമപഞ്ചായത്ത്

## 2016-17
## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.ksad.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in
തീയതി – 30.11.2017

നം.കെ.എസ്.എ.-ഇ കെ എം(പി.7)2027/17

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്
(സെക്രട്ടറി മുഖേന)
കവളങ്ങാട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം: കവളങ്ങാട് ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ട 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കവളങ്ങാ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.
ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമാ ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജ ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡി സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളി ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരള പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)
.

വിശ്വസ്തതയോ

ഡെപ്യൂട്ടി ഡയറക്

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്- 682030
ഫോൺ 0484 2422271
email:doekm.ksad@kerala.gov.in

നം.കെ.എസ്.എ.-ഇ കെ എം(പി.7)2027/17

തീയതി – 30.11.2017

**എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:**

***(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)***

**എറണാകുളം** ജില്ലയിലെ **കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17**സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരി അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡി അന്വേഷണക്കുറിപ്പുകൾക്ക് ലഭിച്ച മറുപടി പരിഗണിച്ചതിനുശേഷം നിലനിൽക്കുന്ന പ്രധാനപ്പെട്ട നിരീക്ഷണങ്ങ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡി അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയു അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | വിജയകുമാർ.എസ്, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19.10.2017 മുതൽ 27.10.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. മൈക്കിൾ കെ.എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. വിജു എം.എസ്. | സീനിയർ ഗ്രേഡ്ഓഡിറ്റർ |
| | ശ്രീ.ജോയ് ഫിജോയ് വി.ജെ. | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

**1) പ്രസിഡന്റ്**

| നം | സ്ഥാനപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | പ്രസിഡന്റ് | ശ്രീമതി ബീന ബെന്നി | 01.04.2016 മുതൽ 31.03.2017 വരെ |

**2) സെക്രട്ടറി**

| പേര് | കാലയളവ് |
|---|---|
| ശ്രീമതി ടി.എം. ജലജ | 01.04.2016 മുതൽ 31.03.2017 വരെ |

.

**3) മറ്റ് നിർവ്വഹണോദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ**

| നം | ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|---|
| 1 | അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി കെ.പി.ഷൈലജ | 01.04.2016 മുതൽ 31.03.2017 വരെ |

| | | | |
|---|---|---|---|
| 2 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി ആർ.ജലജ | 01.04.2016 മുതൽ 31.03.2017 വരെ |
| 3 | കൃഷി ഓഫീസർ | ശ്രീമതി സൈജ ജോസ് | 01.04.2016 മുതൽ 01.06.2016 FN വരെ |
| | | ശ്രീമതി ജാസ്മിൻ തോമസ് | 01.06.2016 AN മുതൽ 09.07.2016 FN വരെ |
| | | ശ്രീമതി ലിവി പി. | 09.07.2016 AN മുതൽ 08.08.2016 FN വരെ |
| | | ശ്രീമതി കെ.ജെ.രേഖ | 08.08.2016 AN മുതൽ 31.03.2017 വരെ |
| 4 | വെറ്ററിനറി സർജൻ | ശ്രീമതി സുമൻ പി.ഐസക്ക് | 01.04.2016 മുതൽ 31.03.2017 വരെ |
| 5 | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി. നേര്യമംഗലം) | ഡോ. ലൂസിന ജോസഫ് | 01.04.2016 മുതൽ 31.03.2017 വരെ |
| 6 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ജോർജ്ജ് മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. സാറാ നന്ദന മാത്യൂ | 01.04.2016 മുതൽ 13.03.2017 വരെ |
| | | ഡോ. ഷിനോജ് തോമസ് എബ്രഹാം | 14.03.2017 മുതൽ 31.03.2017 വരെ |
| 8 | ഹെഡ്മിസ്ട്രസ്, ജി.യു.പി.എസ്. തലേക്കോട് | ശ്രീമതി പി.കെ.വൽസല | 01.04.2016 മുതൽ 31.03.2017 വരെ |
| 9 | ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി കെ.എച്ച്. ലൈല | 01.04.2016 മുതൽ 31.03.2017 വരെ |
| 10 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നെല്ലിമറ്റം | ശ്രീ ബാവാസ് എം.എം. | 01.04.2016 മുതൽ 31.03.2017 വരെ |
| 11 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, നേര്യമംഗലം | ശ്രീ. അജയൻ പി.എസ്. | 01.04.2016 മുതൽ 25.11.2016 FN വരെ |
| | | ശ്രീ സിറാജ് എം.എ. | 25.11.2016 AN മുതൽ 31.03.2017 വരെ |
| 12 | ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ. റമീസ് മുഹമ്മദ് | 01.04.2016 മുതൽ 31.03.2017 വരെ |

.

**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തനത് വരുമാനം | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 | |

| | | | |
|---|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | വസ്തുനികുതി നിർണ്ണയിച്ചതിൽ അപാകത- വരവു നഷ്ടം | 2-1 | |
| 13 | മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല. | 2-2 | |
| 14 | പാർക്കിംഗ് ഫീസ് ഈടാക്കുന്നത്-സംബന്ധിച്ച് | 2-3 | |
| 15 | കുറഞ്ഞ പലിശനിരക്കിൽ സ്ഥിരനിക്ഷേപം നടത്തിയതുമൂലം നഷ്ടം- രൂപ 28541 | 2-4 | |
| 16 | ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളിൽ നിന്ന് വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല. | 2-5 | |
| | ഭാഗം 3 | | |
| 17 | സെന്റേജ് ചാർജ് അധികമായി നൽകി | 3-1 | |
| 18 | ബിറ്റുമിന്റെ യഥാർത്ഥവിലയ്ക്ക് പകരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഉയർന്ന നിരക്ക് നൽകി. | 3-2 | |
| 19 | ആദായനികുതി ഈടാക്കിയില്ല | 3-3 | |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 3-4 | |
| 21 | മരുന്ന് ലഭ്യമാക്കിയില്ല | 3-5 | |
| 22 | പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ – അപാകതകൾ | 3-6 | |
| 23 | ആയുർവേദ മരുന്ന് വാങ്ങൽ- ഡിസ്കൗണ്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച് | 3-7 | |
| 24 | വൈദ്യുതി ചാർജ്ജിനത്തിൽ അധിക തുക നൽകുന്നു. | 3-8 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ/വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 | |
| 35 | ബാലൻസ് ഷീറ്റ് | അനുബന്ധം2 | |
| 36 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 | |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 | |


## ഭാഗം -1

## പൊതു അവലോകനം

## പൊതു അവലോകനം

1-1 ബജറ്റ്

2016 ലെ നിയമസഭ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടങ്ങൾ വന്നതിനാൽ 2016-17 വർഷത്തെ വിശദമാ ബജറ്റ് അവതരിപ്പിക്കാൻ സാധിക്കാതെ വരികയും 05.03.2016 ലെ പ്രത്യേക യോഗത്തിൽ 2015-16 വർഷത്തെ അംഗീകൃ ബജറ്റ് അംഗീകരിക്കുകയും ചെയ്തു. 17.06.2016 ലെ പ്രത്യേക യോഗം 2016-17 ലെ സമ്പൂർണ്ണ ബജറ്റ് അംഗീകരിച്ചു.

ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക ധനകാര്യപത്രിക പ്രകാരം( വരവു-ചെലവു പത്രിക പ്രകാരം) |
|---|---|---|
| വരവ് | 84361985 | 59072038 |
| ചെലവ് | 101317940 | 48709960 |

ഇ.എഫ്.എം.എസ് മുഖേന എം.ജി.എൻ.ആർ.ഇ.ജി.എസ്., ബി ഫണ്ട് എന്നീ ഇനങ്ങളിൽ യഥാക്രമം 1,62,33,34 രൂപയുടെയും 3,01,56,375 രൂപയുടെയും വരവുചെലവുകൾ വരവുചെലവു പത്രിക പ്രകാരമുള്ള കണക്കി ഉൾപ്പെടുന്നില്ല. ഇവയുൾപ്പെടെയുള്ള വരവുചെലവുകൾ നോക്കിയാൽ ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത ചെല യഥാർത്ഥ ചെലവും തമ്മിൽ കാര്യമായ വ്യത്യാസം ഇല്ല. എന്നാൽ ബജറ്റ് പ്രകാരമുള്ള വരവു തുക യഥാർത്ഥവര തുകയേക്കാൾ കുറവാണെന്ന് കാണുന്നു. ബജറ്റ് കൂടുതൽ കൃത്യതയോടെ തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2017 | 01.08.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2016-17 വർഷത്തെ ധനകാര്യ പത്രിക പരിശോധിച്ചതിൽ അപാകത ഇല്ല. (ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമാ ചേർത്തിട്ടുണ്ട്)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 17225079 |
| വരവ് | 59072038 |
| ആകെ | 76297117 |
| ചെലവ് | 48709960 |
| നീക്കിയിരിപ്പ് | 27587157 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | | 15140042 | 11788329 | 77.86 |
| വികസന ഫണ്ട് (എസ്.സി. പി) | | 5280834 | 2581386 | 48.89 |
| വികസന ഫണ്ട് (ടി.എസ്. പി) | | 271176 | 99875 | 36.83 |
| | | | | |

| | | | | |
|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | | 7881195 | 4451279 | 56.48 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | | 4414659 | 2459112 | 55.70 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 8490803 | 8115803 | 95.59 |
| പെർഫോമൻസ് ഗ്രാന്റ് | | 4505015 | 2201907 | 48.88 |
| എം.എൻ.ആർ. ഇ.ജി.എസ്. | 409 | 16233347 | 16198313 | 99.78 (നീക്കിയിരിപ്പ് 35443/-) |
| ബി ഫണ്ട് | | 30156375 | 30156375 | 100 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത് ശതമാനം |
|---|---|---|---|---|---|---|
| 207 | 68466870 | 131 | 36430466 | - | 76 | 63 |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിച്ച പദ്ധതികൾ</u>**

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | അടങ്കൽ | ചെലവഴിച്ച തുക | ഉപേക്ഷിച്ചതിന്റെ കാരണം |
|---|---|---|---|---|---|
| 1 | 11 | എസ്.ടി ക്ലബ്ബ് നിർമ്മാണം | 8000 | 0 | തുകയുടെ അപര്യാപ്തത |
| 2 | 12 | എസ്.സി സ്വയം തൊഴിൽ സംഘം | 100000 | 0 | സംഘങ്ങളെ കണ്ടെത്താൻ കഴിഞ്ഞില്ല |
| 3 | 29 | വി.പി.എൻ ഇന്റർനെറ്റ് കണക്ഷൻ തുക നൽകൽ | 70000 | 0 | ആവർത്തന ചെലവ് ആയതിനാൽ |
| 4 | 30 | ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ നേടൽ | 262973 | 0 | അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള സ്ഥലപരിമിതി |
| 5 | 40 | ജനന മരണ പാസ്റ്റ് ഡാറ്റ എൻട്രി | 100000 | 0 | രജിസ്റ്ററിൽ പിഴവുള്ളതിനാൽ |
| 6 | 42 | തെരുവ് നായ്ക്കളുടെ നിയന്ത്രണം | 162000 | 0 | വന്ധ്യംകരണത്തിനു വേണ്ടിയുള്ള കെന്നൽ നിർമ്മാണം പൂർത്തീകരിക്കാത്തതിനാൽ |

| | | | | | |
|---|---|---|---|---|---|
| 7 | 63 | നെൽകൃഷി വികസനം | 193624 | 0 | ഇതേ പ്രോജക്ട് നേരത്തെ നടപ്പാക്കി യതിനാൽ |
| 8 | 64 | യന്ത്രോപ കരണങ്ങൾ (കാട് വെട്ട് യന്ത്രം വിതരണം) | 415000 | 0 | ഗുണഭോ ക്താക്കൾ ഇല്ലാത്തതിനാൽ |
| 9 | 66 | മോട്ടോർ പമ്പ് സെറ്റ് | 370150 | 135620 | ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |
| 10 | 67 | കുറ്റി പമ്പ്, റോക്കർ, സ്പ്രേയർ, തെങ്ങ്കയറ്റ ഉപകരണം വിതരണം | 187300 | 12500 | ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |
| 11 | 68 | ജൈവ കൃഷി വികസനം (പച്ചക്കറി കൃഷി) | 200105 | 0 | ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |
| 12 | 70 | ജൈവകൃഷി വികസനം ( വാഴ കൃഷി) എസ്.സി | 297340 | 0 | ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ |
| 13 | 95 | കുടുംബശ്രീ മൈക്രോ സംരംഭങ്ങൾക്ക് സബ്സിഡി | 350000 | 0 | മാനദണ്ഡങ്ങൾക്ക നുസൃതമായ അപേക്ഷ വന്നില്ല |
| 14 | 185 | 9,10 വാർഡുകളിലെ ചെമ്പൻകുഴി നീണ്ട പാറ-തൊട്ടിയാർ ലിങ്ക് റോഡിന്റെ കലുങ്കിന്റെ മെയിന്റനൻസ് | 197000 | 0 | കരാർ ഉണ്ടാക്കിയെങ്കിലും നടപ്പാക്കിയില്ല. |
| 15 | 194 | എസ്.സി യുവജനങ്ങൾക്ക് തയ്ക്കോൺഡോ പരിശീലനം | 600000 | 0 | സംഘങ്ങളെ കണ്ടെത്താൻ കഴിഞ്ഞില്ല |
| 16 | 224 | 4,12 വാർഡുകളിൽ എസ്.സി കമ്മ്യൂണിറ്റി ഹാൾ വൈദ്യുതീകരണം | 6000 | 0 | തുകയുടെ അപര്യാപ്തത |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17 സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയു പ്രകാരം 79 % വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | അധികം % |
|---|---|---|---|---|
| നികുതി വരവുകൾ | 4558556 | 7763921 | 3205365 | 70 |
| നികുതിയേതര വരവുകൾ | 1365692 | 3040082 | 1674390 | 122 |
| മറ്റ് വരവുകൾ | 467540 | 642548 | 175008 | 37 |
| ആകെ | 6391788 | 11446551 | 5054763 | 79 |

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താ ക്കളുടെ |
|---|---|---|

| | | എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 212880 | 117 |
| കർഷകതൊഴിലാളി പെൻഷൻ | 6832600 | 861 |
| വിധവാപെൻഷൻ | 10279400 | 1059 |
| വാർദ്ധക്യകാലപെൻഷൻ | 9584045 | 1245 |
| വികലാംഗപെൻഷൻ | 2824840 | 335 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 423490 | 55 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 180000 | 6 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന *19.10.2017* ( സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ *7074/-* രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യ( പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1)വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അതുപ്രകാരം സ്ഥാപന തൊഴിൽ നികുതി രജിസ്റ്ററുകൾ തയ്യാറാക ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും റീകൺസൈൽ ചെയ്ത് ഡി സി ബി തയ്യാറാക്കുന്നില്ല.
2) ഗ്രാമസഭ- എല്ലാവർഷവും 4 ഗ്രാമസഭ വീതം എല്ലാ വാർഡുകളിലും സംഘടിപ്പിക്കുന്നുണ്ട്.
3) ഇൻകംബെൻസി രജിസ്റ്റർ- ജീവനക്കാരുടെ പേരു വിവരങ്ങളടങ്ങിയ ഇൻകംബെൻസി രജിസ്റ്റർ പഞ്ചായത്തി( സൂക്ഷിക്കുന്നില്ല. ആയത് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതാണ്.
4) പ്രോജക്ട് രജിസ്റ്റർ- വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മാർ ഒഴികെ മറ്റ് ആരും തന്നെ പ്രോജക്ട് രജിസ്റ്റർ എഴു സൂക്ഷിക്കുന്നില്ല. എല്ലാ നിർവ്വഹണോദ്യോഗസ്ഥന്മാരും പ്രോജക്ട് രജിസ്റ്റർ എഴുതി സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.08.2017 | ആഗസ്റ്റ് 2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 15.01.2014 | 2008-09 മുതൽ 2012-13 വരെ | 20.03.2014 |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത- വരവു നഷ്ടം

തദ്ദേശ സ്വയംഭരണ (ആർ ഡി) വകുപ്പിന്റെ 14/01/11ലെ 19/2011 നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തി( കവളങ്ങാട് പഞ്ചായത്ത് സെക്രട്ടറി 28.09.2011 ൽ പുറപ്പെടുവിച്ചിട്ടുള്ള നികുതി പരിഷ്കരണ നോട്ടീസ് (നമ്പർ 5973/1 പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 3 രൂപയായും, വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ചതുര( മീറ്ററിന് 50 രൂപയായും നിരക്ക് പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ നികുതിനിർണ്ണയ രജിസ്റ്റർ പരിശോധിച്ചതിൽ ഒ( വ്യക്തിയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണ്ണയിക്കുകയും, അവ( ബാധകമായ ഉയർന്ന നിരക്ക് (ചതുരശ്ര മീറ്ററിന് 50 രൂപ) ഈടാക്കുന്നതിന് പകരം 100 ച. മീറ്ററിൽ താ(

തറവിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ബാധകമാകുന്ന 30 രൂപ നിരക്കിലുമാണ് നികുതി ഈടാക്കിയിരിക്കുന്നത്.

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാര ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് വിനിയോഗിക്കുകയാണെങ്കിൽ വെവ്വേ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിടത്തിനും പ്രത്യേകം വസ്തുനികുതി ചുമത്താവുന്നതാണ്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ, (2)-ാം ഉപവകുപ്പി പരാമർശിച്ചിരിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകു പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗങ്ങൾക്ക് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്ക ആ കെട്ടിടത്തിന്റെ ആകെ വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻ പ്രകാരം ഒ കെട്ടിട ഉടമയുടെ വാണിജ്യാവശ്യത്തിനുള്ള ഒരു കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്.

മേൽപ്പറഞ്ഞതിൻ പ്രകാരം കുറവ് നിരക്കിൽ നികുതി ഈടാക്കിയതിനാൽ സംഭവിച്ച നഷ്ടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

**<u>2016-17 ൽ ഉണ്ടായിട്ടുള്ള നഷ്ടം</u>**

| ക്രമ നമ്പർ | വാർഡ് നമ്പർ/ കെട്ടിട നമ്പർ | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം (ച.മീറ്റർ) | ഈടാക്കേണ്ട നികുതി 50രൂപ (വർദ്ധനവ്/ ഇളവ് ഉൾപ്പെടെ) | നിർണ്ണയിച്ചിട്ടുള്ള നികുതി 30 രൂപ (വർദ്ധനവ്/ ഇളവ് ഉൾപ്പെടെ) | കുറവ് | വസ്തു നികുതി നിർണ്ണയിച്ച തീയതി |
|---|---|---|---|---|---|---|---|
| 1 | IV/558 A | എ.സി. മാത്യു, ആട്ടുകുഴിയിൽ ഹൗസ് , ഊന്നുകൽ | 50 | 2750 | 1100 | 1650 | 12.1.17 |
| 2 | IV/558 B | | 25 | 1375 | 825 | 550 | 12.1.17 |
| 3 | IV/558 C | | 25 | 1375 | 825 | 550 | 12.1.17 |
| 4 | IV/558 D | | 25 | 1375 | 825 | 550 | 12.1.17 |
| 5 | IV/558 E | | 25 | 1375 | 825 | 550 | 12.1.17 |
| 6 | IV/558 F | | 50 | 2750 | 1100 | 1650 | 12.1.17 |
| 7 | V/473 A | അന്ന കുര്യോക്കോസ്, കുറ്റിച്ചിറക്കുടി, ഊന്നുകൽ പി.ഒ. | 21.6 | 1296 | 778 | 518 | 11.4.16 |
| 8 | V/473 B | | 21.6 | 1296 | 778 | 518 | 11.4.16 |
| 9 | V/473 C | | 43.2 | 2160 | 778 | 1382 | 11.4.16 |
| 10 | V/473 D | | 21.6 | 1296 | 778 | 518 | 11.4.16 |
| 11 | V/473 E | | 21.6 | 1296 | 778 | 518 | 11.4.16 |
| 12 | V/473 F | | 21.6 | 1296 | 778 | 518 | 11.4.16 |
| 13 | V/473 G | | 21.6 | 1296 | 778 | 518 | 11.4.16 |
| 14 | VIII/228 A | പി.എം. ഷെമീർ, പറമ്പിൽ , നേര്യമംഗലം | 20.87 | 1252 | 752 | 500 | 03.2.17 |
| 15 | VIII/228 B | | 20.87 | 1252 | 752 | 500 | 03.2.17 |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | VIII/228 C | | 20.87 | 1252 | 752 | 500 | 03.2.17 |
| 17 | VIII/228 D | | 20.87 | 1252 | 752 | 500 | 03.2.17 |
| 18 | VIII/228 E | | 20.87 | 1252 | 752 | 500 | 03.2.17 |
| 19 | VIII/228 F | | 20.87 | 1252 | 752 | 500 | 03.2.17 |
| 20 | VIII/228 G | | 20.87 | 1252 | 752 | 500 | 03.2.17 |
| 21 | VIII/228 H | | 20.87 | 1252 | 752 | 500 | 03.2.17 |
| 22 | VIII/228 I | | 20.87 | 1252 | 752 | 500 | 03.2.17 |
| 23 | VIII/228 J | | 20.87 | 1252 | 752 | 500 | 03.2.17 |
| | | **ആകെ നഷ്ടം** | | | | **14990** | |

മുൻവർഷങ്ങളിലും മേൽവിവരിച്ച രീതിയിൽ വസ്തു നികുതി നിർണ്ണയിച്ചതിനാൽ സംഭവിച്ച നഷ്ടത്തിന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| **ക്രമ നമ്പർ** | **വാർഡ് നമ്പർ /കെട്ടിട നമ്പർ** | **കെട്ടിട ഉടമയുടെ പേര്** | **വിസ്തീർണ്ണം** | **ഈടാക്കേണ്ട നികുതി 50രൂപ /ച.മീറ്ററിന് (വർദ്ധനവ്/ ഇളവ് ഉൾപ്പെടെ)** | **ഈടാക്കിയ നികുതി 30 രൂപ (വർദ്ധനവ്/ ഇളവ് ഉൾപ്പെടെ)** | **കുറവ്** | **വസ്തു നികുതി നിർണ്ണയിച്ച തീയതി** |
|---|---|---|---|---|---|---|---|
| 1 | IV/594G | മുഹമ്മദ് സുനിൽ, നരിപ്പറ്റയിൽ, ഊന്നുകൽ | 13.8 ച.മീ. | 828 | 497 | 331 | 2.07.15 |
| 2 | IV/594H | | 18 ച.മീ. | 1080 | 648 | 432 | 2.07.15 |
| 3 | IV/594I | | 18 ച.മീ. | 1080 | 648 | 432 | 2.07.15 |
| 4 | IV/594J | | 18 ച.മീ. | 1080 | 648 | 432 | 2.07.15 |
| 5 | IV/594K | | 18 ച.മീ. | 1080 | 648 | 432 | 2.07.15 |
| 6 | IV/594L | | 24 ച.മീ. | 1440 | 864 | 576 | 2.07.15 |
| 7 | V/75A | വർഗ്ഗീസ് പി.പോൾ, പൂക്കോട്ടിൽ ഹൗസ്, നേര്യമംഗലം | 22.35 ച.മീ. | 1229 | 738 | 491 | 7.12.15 |
| 8 | V/75B | | 22.35 ച.മീ. | 1229 | 738 | 491 | 7.12.15 |
| 9 | V/75C | | 22.35 ച.മീ. | 1229 | 738 | 491 | 7.12.15 |
| 10 | V/75D | | 22.35 ച.മീ. | 1229 | 738 | 491 | 7.12.15 |
| 11 | V/75E | | 22.35 ച.മീ. | 1229 | 738 | 491 | 7.12.15 |
| 12 | XII/95A | സെക്രട്ടറി, ജുമാ മസ്ജിദ്, തലേക്കോട് | 15.19 | 912 | 547 | 365 | |
| 13 | XII/95B | | 15.19 | 912 | 547 | 365 | |
| 14 | XII/95C | | 15.19 | 912 | 547 | 365 | |
| 15 | XII/95D | | 15.19 | 912 | 547 | 365 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 16 | XII/95E | | 15.19 | 912 | 547 | 365 | |
| 17 | XII/95F | | 15.19 | 912 | 547 | 365 | |
| 18 | XII/95G | | 15.19 | 912 | 547 | 365 | |
| 19 | XII/95H | | 15.19 | 912 | 547 | 365 | |
| 20 | XII/95I | | 15.19 | 912 | 547 | 365 | |
| | **ആകെ നഷ്ടം** | | | | | **8375** | |

ചട്ടവിരുദ്ധമായി വസ്തു നികുതി കുറവായി നിർണ്ണയിച്ചതിനാൽ 2016-17 ൽ 14990 രൂപയുടെയും മുൻവർഷങ്ങളിൽ 837 രൂപയുടെയും നഷ്ടം സംഭവിച്ചിട്ടുണ്ട്. ഈ നഷ്ടം വരും വർഷങ്ങളിലും ഉണ്ടാവുമെന്നതിനാൽ അടിയന്തിരമാ മേൽപ്പറഞ്ഞ വസ്തു നികുതി പുനർനിർണ്ണയിച്ച് കുടിശ്ശികയുൾപ്പെടെ ഈടാക്കുകയും ഇപ്രകാരമുള്ള വസ്തുനികുതിയിലെ കുറ മറ്റ് കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയത്തിൽ സംഭവിച്ചിട്ടുണ്ടോയെന്നും സെക്രട്ടറി പരിശോധിക്കേണ്ടതാണ്.

## 2-2 മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിലുള്ള മൊബൈൽ ടവ്വറുകളുടെ വസ്തു നികുതി കുടിശ്ശികയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, വിലാസം | വർഷം | വസ്തു നികുതി കുടിശ്ശിക |
|---|---|---|---|---|
| 1 | VI/562 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. | 2013-14 | 3630 |
| | | | 2014-15 | 3630 |
| | | | 2015-16 | 3630 |
| | | | 2016-17 | 3630 |
| 2 | X/453 | ജനറൽ മാനേജർ, ബി.എസ്.എൻ.എൽ. | 2013-14 | 3520 |
| | | | 2014-15 | 3520 |
| | | | 2015-16 | 3520 |
| | | | 2016-17 | 3520 |
| 3 | XV/550 | ജനറൽ മാനേജർ, റിലയൻസ് ഇൻഫോകോം | 2013-14 | 5600 |
| | | | 2014-15 | 5600 |
| | | | 2015-16 | 5600 |
| | | | 2016-17 | 5600 |
| 4 | XVI/152 | ജനറൽ മാനേജർ, റിലയൻസ് ഇൻഫോകോം | 2013-14 | 2880 |
| | | | 2014-15 | 2880 |
| | | | 2015-16 | 2880 |
| | | | | |

| | | | | |
|---|---|---|---|---|
| | | | 2016-17 | 2880 |
| 5 | V/71 | മാനേജർ , ഇൻഡസ് ടവേഴ്സ് | 2013-14 | 3828 |
| | | | 2014-15 | 3828 |
| | | | 2015-16 | 3828 |
| | | | 2016-17 | 3828 |
| 6 | X/465 | മാനേജർ , ഇൻഡസ് ടവേഴ്സ് | 2016-17 | 2160 |
| 7 | X/261 | | 2016-17 | 2520 |
| 8 | XVI/133 | മാനേജർ , ഇൻഡസ് ടവേഴ്സ് | 2013-14 | 4320 |
| | | | 2014-15 | 4320 |
| | | | 2015-16 | 4320 |
| | | | 2016-17 | 4320 |
| 9 | VI/563 | മാനേജർ, ജി.റ്റി.എൽ ഇൻഫ്രാസ്ട്രക്ച്ചർ | 2013-14 | 8640 |
| | | | 2014-15 | 8640 |
| | | | 2015-16 | 8640 |
| | | | 2016-17 | 8640 |
| 10 | VI/564 | മാനേജർ, ജി.റ്റി.എൽ ഇൻഫ്രാസ്ട്രക്ച്ചർ | 2013-14 | 8640 |
| | | | 2014-15 | 8640 |
| | | | 2015-16 | 8640 |
| | | | 2016-17 | 8640 |
| 11 | XV/593 | മാനേജർ, ജി.റ്റി.എൽ ഇൻഫ്രാസ്ട്രക്ച്ചർ | 2013-14 | 13200 |
| | | | 2014-15 | 13200 |
| | | | 2015-16 | 13200 |
| | | | 2016-17 | 13200 |
| 12 | XVII/315 | മാനേജർ, ജി.റ്റി.എൽ. ഇൻഫ്രാസ്ട്രക്ച്ചർ | 2013-14 | 5456 |
| | | | 2014-15 | 5456 |
| | | | 2015-16 | 5456 |
| | | | 2016-17 | 5456 |

| ആകെ | 243536 |
|---|---|

ഈ വസ്തു നികുതി കുടിശ്ശിക ലൈബ്രറി സെസ്സും നിയമപ്രകാരം ഈടാക്കാവുന്ന പിഴപ്പലിശയും ഉൾപ്പെ ഈടാക്കുന്നതിന് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 പാർക്കിംഗ് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച്

പഞ്ചായത്തിന്റെ പരിധിയിലുള്ള നേര്യമംഗലം ബസ് സ്റ്റാന്റിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്ന് 1995 ലെ കേര പഞ്ചായത്ത് രാജ് (ഇറക്ക് സ്ഥലങ്ങൾ, വണ്ടിത്താവളങ്ങൾ, മറ്റ് വാഹന സ്റ്റാൻഡുകൾ) ചട്ടങ്ങൾ പ്രകാരം ഈടാക്കാവുന പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് ഇതുവരെ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. പഞ്ചായത്തിന് തനത് വരുമാ വർദ്ധനവ് ഉണ്ടാകുമെന്നതിനാൽ ബസ് സ്റ്റാൻഡിൽ പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ നിന്ന് മേൽ ചട്ടപ്രകാര ഈടാക്കാവുന്ന പാർക്കിംഗ് ഫീസ് ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 കുറഞ്ഞ പലിശനിരക്കിൽ സ്ഥിരനിക്ഷേപം നടത്തിയതുമൂലം നഷ്ടം- രൂ.28541

പഞ്ചായത്തിന് കവളങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 2016-17 വർഷം താഴെപ്പറയും പ്രകാരം 57,08,253/ രൂപയുടെ സ്ഥിരനിക്ഷേപമുണ്ട്.

| ക്രമ നമ്പർ | നിക്ഷേപ തീയതി | കാലയളവ് | തുക | പലിശ നിരക്ക് | ലഭ്യമാവുന്ന പലിശ |
|---|---|---|---|---|---|
| 1 | 19.09.2016 | 1 വർഷം | 4090430 | 8.5% | 347687 |
| 2 | 11.10.2016 | 1 വർഷം | 1617823 | 8.5% | 137515 |
| ആകെ | | | 5708253 | | 485202 |

1996 കേരള പഞ്ചായത്ത് രാജ് (പഞ്ചായത്ത് ഫണ്ട് നിക്ഷേപിക്കലും പിൻവലിക്കലും) ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിെ ഏതൊരു മിച്ച ഫണ്ടും ട്രഷറി ഡെപ്പോസിറ്റ് അക്കൗണ്ടിലും നിക്ഷേപിക്കാവുന്നതാണ്. ധനവകുപ്പിന്റെ 29.04.2015 ലെ സർക്കാർ ഉത്തരവ് (പി) നം.156/2015 പ്രകാരം മേൽപ്പറഞ്ഞ നിക്ഷേപ തീയതികളിൽ ഒരു വർഷത്തേക്കുള്ള ട്രഷ ഡെപ്പോസിറ്റുകൾക്ക് 9% പലിശയാണ് അനുവദിച്ചിട്ടുള്ളത്. അതനുസരിച്ച് ഈ തുക ട്രഷറിയിൽ നിക്ഷേപിച്ചിരുന്നെങ്കി യഥാക്രമം 368139 രൂപയും 145609 രൂപയും (ആകെ - 513743 രൂപ ) പലിശയിനത്തിൽ ലഭിക്കുമായിരുന്നു

മേൽപ്പറഞ്ഞ പ്രകാരം ഉയർന്ന പലിശ നിരക്കുള്ള ട്രഷറിയിൽ സ്ഥിരനിക്ഷേപം നടത്താതെ കുറഞ്ഞ പലിശനിരക്കി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിക്ഷേപിച്ചതിനാൽ പലിശയിനത്തിൽ 28541 രൂപ പഞ്ചായത്തി നഷ്ടമായിട്ടുണ്ട്. പഞ്ചായത്തിന് കൂടുതൽ പ്രയോജനപ്രദമാകുന്ന തരത്തിൽ എല്ലാ സാധ്യതകളും പരിഗണിച്ചുവേണ ഭാവിയിൽ സ്ഥിരനിക്ഷേപം നടത്താൻ എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

## 2-5 ബ്ലോക്ക് പഞ്ചായത്ത് വാടകയ്ക്ക് നൽകിയിട്ടുള്ള കടമുറികളിൽ നിന്ന് വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നില്ല

കോതമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള നേര്യമംഗലം ബസ് സ്റ്റാൻഡിലെ ഷോപ്പിംഗ് കോംപ്ലെ കടമുറികൾ വാണിജ്യാവശ്യങ്ങൾക്കായി വാടകയ്ക്ക് നൽകിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ചുമത്തിയിട്ടുള്ള വസ്തു നികുതി | ഗ്രന്ഥശാല വരി | ആകെ |
|---|---|---|---|---|
| 1 | VII/790 | 3004 | 152 | 3156 |
| 2 | VII/791 | 2188 | 112 | 2300 |
| 3 | VII/792 | 2188 | 112 | 2300 |
| 4 | VII/793 | 2192 | 112 | 2304 |
| 5 | VII/794 | 2192 | 112 | 2304 |
| 6 | VII/795 | 2188 | 112 | 2300 |
| 7 | VII/796 | 2188 | 112 | 2300 |
| | | | | |

| | | | | |
|---|---|---|---|---|
| 8 | VII/797 | 2188 | 112 | 2300 |

കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 207 എച്ച് ലെ വിശദീകരണത്തിൽ വാടക ഈടാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളെ വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കാനാവില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇ കെട്ടിടങ്ങളുടെ 2013-14 മുതലുള്ള വസ്തു നികുതി ഒടുക്കണമെന്ന് ആവശ്യപ്പെട്ട് ബ്ളോക്ക് പഞ്ചായത്ത് സെക്രട്ടറിക കത്തുകൾ നൽകിയെങ്കിലും നാളിതു വരെ നടപടിയൊന്നും ഉണ്ടായിട്ടില്ല. തുടർന്ന് സെക്രട്ടറി പ്രശ്നപരിഹാരത്തിനായ ഗ്രാമവികസന വകുപ്പ് എറണാകുളം അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർക്കും, പ്രോജക്ട് ഡയറക്ടറിനും കത്തുക 28.07.2017 ൽ നൽകിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 282(1) പ്രകാരം രണ്ടോ അതിലധികമോ ഗ്രാമപഞ്ചായത്തുകൾ തമ്മിലേ അഥവാ ഗ്രാമപഞ്ചായത്തും ബ്ലോക്ക് പഞ്ചായത്തും തമ്മിലോ ഈ ആക്ടിലെയോ അഥവാ മറ്റേതെങ്കില നിയമത്തിലെയോ വ്യവസ്ഥകൾ പ്രകാരം ഉണ്ടാവുന്ന ഏതെങ്കിലും സംബന്ധിച്ച് ഒരു തർക്കം നിലവിലിരിക്കുകയു തർക്കത്തിൽ ഉൾപ്പെട്ടിട്ടുള്ള തദ്ദേശ സ്ഥാപനങ്ങൾ അവരുടെ അഭിപ്രായ അനുസരണം സൗഹാർദ്ദപരമായ ഒത്തുതീർപ്പാക്കാൻ കഴിയാതിരിക്കുകയും ചെയ്യുന്ന സംഗതിയിൽ തീരുമാനത്തിനു വേണ്ടി സർക്കാരിലേക്ക് റിപ്പോർ സഹിതം അയക്കാവുന്നതാണ്.

വസ്തുനികുതി കുടിശ്ശിക ഇതു വരെ ഈടാക്കാൻ കഴിയാത്ത സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച സെക്ഷൻ പ്രകാര പ്രശ്നപരിഹാരത്തിനായി സർക്കാരിനെ സമീപിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സെന്റേജ് ചാർജ് അധികമായി നല്കി

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ വിവിധ പ്രോജക്റ്റുകൾക്കായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ട അതോറിറ്റി, പി.എച്ച്.സെക്ഷൻ, മൂവാറ്റുപുഴയ്ക്ക് താഴെ പറയും പ്രകാരം 21,08,100 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നമ്പർ | പേര് | ട്രഷറി ബിൽ | തീയതി | തുക |
|---|---|---|---|---|---|
| 1 | 226/17 | 12,13,14,15വാർഡുകളി ലൊഴികെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 39/16-17 | 23.03.17 | 1100000 |
| 2 | 04/17 | 3ാംവാർഡിലെ എസ്.സി കമ്മ്യൂണിറ്റി ഹാളിലേക്ക് വാട്ടർ കണക്ഷൻ | 36/16-17 | 23.03.17 | 8100 |
| 3 | 74/17 | വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 26/16-17 | 27.02.17 | 1000000 |

**ചെലവ് വിവരം (1)**

| | |
|---|---|
| വർക്കിംങ് ചാർജ് | 412588.00 |
| മെറ്റീരിയൽ വില | 560279.00 |
| ആകെ | 972867.00 |
| സെന്റേജ് ചാർജ് | 121653.00 |
| അൺഫോർസീൻ | 5480.00 |

**(2)**

| | |
|---|---|
| വർക്കിംങ് ചാർജ് | 6321.00 |
| മെറ്റിരീയൽ വില | 802.00 |
| ആകെ | 7123.00 |
| സെന്റേജ് ചാർജ് | 890.00 |
| അൺഫോർസീൻ | 178.00 |

3)

| | |
|---|---|
| വർക്കിംങ് ചാർജ് | 151368.00 |
| മെറ്റിരീയൽ വില | 738901.00 |
| ആകെ | 890269.00 |
| സെന്റേജ് ചാർജ് | 108940.00 |
| അൺഫോർസീൻ | 791.00 |

പി.ഡബ്ലിയു.ഡി. മാന്വൽ കേരള വാട്ടർ അതോരിറ്റിക്കും ബാധകമാണ്. എസ്റ്റിമേറ്റിന്റെ 10% സൂപ്പർ വിഷൻ ചാർജ്ജും എസ്റ്റിമേറ്റ്, പ്ലാൻ എന്നിവയും ചേർത്ത് ആകെ 12.5% സെന്റേജ് ചാർജായി ഈടാക്കാമെങ്കിലും പി.ഡബ്ലി യു മാന്വ 1601.4 പ്രകാരം എസ്റ്റിമേറ്റ്, പ്ലാൻ എന്നിവ തയ്യാറാക്കുന്നതിനുള്ള സെന്റേജ് ചാർജായ 2.5% തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ഈടാക്കുവാൻ പാടുള്ളതല്ല. ആയതിനാൽ 10% സെന്റേജ് ചാർജായി മേൽ സൂചിപ്പിച്ച മൂന പ്രോജക്റ്റിനുംകൂടി 187026/- (89027+97287+712 ) രൂപ നല്കാവുന്നതാണ്. മേൽ പ്രോജക്ടുകൾക്ക് 12.5% സെന്റേ ചാർജിനത്തിൽ 231483/- രൂപ നല്കിയിട്ടുണ്ട്. തന്മൂലം പഞ്ചായത്തിന് 44457/-രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ ആയതിന് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 20.10.2017 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് എക്സിക്യൂട്ടീ എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, പി.എച്ച്.സെക്ഷൻ, മൂവാറ്റുപുഴയിൽ നിന്നും നഷ്ടം വന്ന തുക തിരി പിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി നല്കി. ആയതിനാൽ സെന്റേജ് ചാർജിനത്തിൽ നഷ്ടം വന 44457/-രൂപ സ്ഥാപനത്തിൽ നിന്നോ ബന്ധപ്പെട്ട സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടി അടവാക്കേണ്ടതാണ്.

## 3-2 ബിറ്റുമിന്റെ യഥാർത്ഥവിലയ്ക്ക് പകരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഉയർന്ന നിരക്ക് നൽകി.

ഗുണഭോക്തൃസമിതി മുഖേന പഞ്ചായത്തിൽ നടപ്പാക്കിയ പ്രോജക്റ്റ് നമ്പർ 181/17 പ്രകാരമുള്ള ആലിൻചുവട് വില്ലൻചി ലിങ്ക് റോഡ് രണ്ടാം മെറ്റലിംഗും ടാറിംഗും എന്ന പ്രവൃത്തിയിൽ ബിറ്റുമിൻ വാങ്ങിയതിന്റെ ബിൽ ഹാജരാക്കാതെയാണ കൺവീനർക്ക് ഫൈനൽ ബിൽ തുക നൽകിയിട്ടുള്ളത്. ബിറ്റുമിന് 2014 ലെ CPWD ഷെഡ്യൂൾ പ്രകാരമുള്ള രൂ. 41,000/ടണ നിരക്ക് ഉൾപ്പെടുത്തിയാണ് ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെങ്കിലും ബിറ്റുമിന്റെ യഥാർത്ഥ വില ഇതിനേക്കാ വളരെ കുറവാണ്. കരാർ വ്യവസ്ഥയിൽ കരാർ ഉടമ്പടിയിലെ നിരക്കുകളെ അടിസ്ഥാനപ്പെടുത്തി തയ്യാറാക്കുന്ന ബി തുകയോ യഥാർത്ഥത്തിൽ ചെലവായ തുകയോ ഏതാണോ കുറവ് അതായിരിക്കും പഞ്ചായത്ത് കൺവീനർക്ക് നൽകുന ഫൈനൽതുകയെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ബിറ്റുമിന്റെ ഡി.എസ്.ആർ.നിരക്കും കമ്പോളനിരക്കും തമ്മിൽ വലിയ അന്തരമുള്ളതിനാൽ ബിറ്റുമിന്റെ നിരക കണക്കാക്കുന്നതിന് DSR നിരക്കിന് പകരം പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ(നിരത്തുകളും പാലങ്ങളു പ്രസിദ്ധപ്പെടുത്തുന്ന ബിറ്റുമിന്റെ പാദവാർഷിക നിരക്ക് കണക്കിലെടുക്കാനും ബിറ്റുമിന്റെ ഒറിജിനൽ ബില്ല് ഹാജരാക്കന മുറയ്ക്ക് മാത്രമേ ഈ പ്രവൃത്തികളുടെ ബിൽ നൽകേണ്ടതുള്ളൂവെന്നും ധനവകുപ്പിന്റെ 15-07-2016 ലെ സർക്കാർ ഉത്തരവ് (പ നമ്പർ 96/2016 പ്രകാരംനിർദ്ദേശിച്ചിട്ടുണ്ട്. അതനുസരിച്ച് 08-08-2016 ലെ CE/R&B/PRICE/6725/2015 നമ്പർ സർക്കുല മുഖേന പ്രസിദ്ധീകരിച്ച ജൂലൈ-സെപ്തംബർ 2016 പാദവർഷത്തെ ബിറ്റുമിന്റെ വില രൂ.30832.44/ടൺ ആണ്. അപ്രകാര ബിറ്റുമിന്റെ യഥാർത്ഥ വിലയ്ക്ക് പകരം എസ്റ്റിമേറ്റിൽ ഉൾപ്പെട്ട ഉയർന്ന നിരക്ക് അനുവദിച്ചത് മൂലം ഗുണഭോക്തൃസമി കൺവീനർക്ക് താഴെ പറയും പ്രകാരം 18168 രൂപ അധികം നൽകാൻ ഇടയായിട്ടുണ്ട്.

| ക്രമ നം. | ഇനം | യൂണിറ്റ് | ആവശ്യ മായ ബിറ്റുമിൻ (kg) | ചെയ്ത അളവ് (m2) | പ്രവൃത്തിക്ക് ആവശ്യമായ ബിറ്റുമിൻ (kg) | എസ്റ്റിമേറ്റിൽ ഉൾപ്പെട്ട വില | യഥാർത്ഥ വില | അധികം |
|---|---|---|---|---|---|---|---|---|
| 1 | 2cm premix carpet using VG 30 bitumen | m2 | 1.44 | 738 | 1063 | 43583 | 32766 | 10817 |
| 2 | Providing seal coat over prepared surface | m2 | 0.98 | 738 | 723 | 29643 | 22292 | 7351 |
| **ആകെ** | | | | | | | | **18168** |

പ്രോജക്ടിന്റെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| കൺവീനർ | ശ്രീ. വി.ജെ.തോമസ്, വട്ടപ്പാറയിൽ, തലക്കോട് |
| അടങ്കൽ | 400000 |
| കരാർ | 74/AE/15-16 dt.15-02-2016 |
| അളവ് പുസ്തകം | 70/15-16 |
| ട്രഷറി ബിൽ നമ്പർ | പാർട് ബിൽ തുക 181088 (2015-16)<br>04/16-17 തീയതി 14-10-2016 രൂ.2,18,883<br>ആകെ 399971 രൂപ |

മേൽപ്പറഞ്ഞപ്രകാരം 18168 രൂപ കൺവീനർക്ക് അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 2( 10-2017ലെ 10-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 21-10-2017 ൽ അസിസ്റ്റന്റ് എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ കൺവീനർക്ക് ആകെ ചെലവായത് 405149 രൂപയാണെന്നും എന്നാൽ എസ്റ്റിമേറ്റ് നിരക്കിൽ 399971 രൂപ മാത്ര അനുവദിച്ചിട്ടുള്ളുവെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ കരാറിലെ ഏഴാം ഖണ്ഡികയിൽ പ്രത്യേക സാങ്കേതിക വൈദഗ്ധ്യ ആവശ്യമുള്ള ടാറിംഗ് ജോലികൾ ക്വട്ടേഷനുകൾ ക്ഷണിച്ച് യൂണിറ്റ് നിരക്കിൽ ചെയ്യിക്കാവുന്നതാണ് എന്ന വ്യവസ്ഥചെയ്യുന്നതിന്റെ അടിസ്ഥാനത്തിൽ ടാർ പ്രവൃത്തി മറ്റൊരാളെ ഏൽപ്പിച്ചാണ് നിർവഹിച്ചത് എന്ന വ്യക്തമാക്കിയിട്ടുണ്ട്.

എന്നാൽ കുറഞ്ഞ വിലയ്ക്ക് ബിറ്റുമിൻ ലഭിച്ചതിന്റെ ആനുകൂല്യം പഞ്ചായത്തിനാണ് ലഭിക്കേണ്ടത്. അതിന് പകര ഈയിനത്തിലെ സാമ്പത്തികമെച്ചം ലാഭേച്ഛയില്ലാതെ പ്രവൃത്തി ഏറ്റെടുത്ത കൺവീനർക്ക് നൽകുന്ന വികേന്ദ്രീകരണാസൂത്രണത്തിന്റെ അടിസ്ഥാന തത്വങ്ങൾക്ക് എതിരാണ്. മാത്രമല്ല കൺവീനർക്ക് യഥാർത്ഥത്തിൽ ചെലവായതിലധികം തുക നൽകേണ്ടതില്ല. കൺവീനർ സമർപ്പിച്ച ചെലവു രേഖകളിൽ പലതിന്റെയും കൃത്യ പരിശോധിച്ചുറപ്പാക്കുവാൻ സാധിക്കുന്നതുമല്ല. മസ്റ്റർ റോൾ, സാധനങ്ങൾ വാങ്ങിയതിന്റെ രേഖകൾ എന്നിവയിലെ ചെലവുകൾ പലതും യഥാർത്ഥ്യവുമായി ബന്ധമുള്ളതുമല്ല. ടാർ വിലയുടെ ബില്ലുമാത്രമാണ് പരിശോധി ബോദ്ധ്യപ്പെടാവുന്ന ഒരേയൊരു ചെലവുരേഖ. ആയതിനാൽ ടാറിന്റെ ബില്ലുപ്രകാരമുള്ളതിലും അധികരിച്ച ചെല കൺവീനർക്ക് അനുവദനീയമല്ല.

ഈ പ്രവൃത്തിയിൽ ബിറ്റുമിന്റെ ബിൽ ഹാജരാക്കാത്തതിനാൽ ചീഫ് എഞ്ചിനീയർ നിശ്ചയിച്ച നിരക്കിൽ ബിറ്റുമിൻ ചെലവ് കണക്കാക്കാനേ നിവൃത്തിയുള്ളൂ. ആയതിനാൽ മേൽപ്പറഞ്ഞ പ്രകാരം കൺവീനർക്ക് അധികം നൽകിയ 1816 രൂപയുടെ ചെലവ് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക കൺവീനറിൽനിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 ആദായ നികുതി ഈടാക്കിയില്ല

സെക്രട്ടറി, മെഡിക്കൽ ഓഫീസർ പി.എച്ച്.സി എന്നിവർ നിർവ്വഹണം നടത്തിയ വിവിധ പ്രോജക്ടുകൾക്കായ റിസാല ഓഫ് സെറ്റ് പ്രിന്റേഴ്സ്, ചെരാതിയിൽ കോംപ്ലക്സ്, അടിവാട് എന്ന സ്ഥാപനത്തിനും, പാലിയേറ്റീവ് കെയ വാഹനത്തിന്റെ ഡ്രൈവർക്കും 2016-17 വർഷത്തിൽ യഥാക്രമം താഴെ പറയും പ്രകാരം 1,60,660 രൂപയും, 175850/ രൂപയും നല്കിയിട്ടുണ്ട്. എന്നാൽ 1961 ലെ ആദായനികുതി നിയമത്തിലെ വകുപ്പ് 194 (സി) പ്രകാരം സ്ഥാപനത്തിൽ നിന്ന വ്യക്തികളിൽ നിന്നും ഈടാക്കേണ്ടതായ ആദായ നികുതി യഥാക്രമം 2%,1% എന്നിങ്ങനെയാണ്. ആയ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | നിർവ്വഹണോ ദ്യാഗസ്ഥൻ | പേര് | ട്രഷറി ബിൽ | തീയതി | തുക |
|---|---|---|---|---|---|---|
| 1 | 31/17 | സെക്രട്ടറി | പൗരാവകാശരേഖ | 49/16-17 | 30.03.17 | 120000 |
| 2 | 27/17 | സെക്രട്ടറി | പദ്ധതി രൂപീകരണം | 33/16-17<br>37/16-17 | 05.12.16<br>23.03.17 | 35860<br>4800 |
| | | | ആകെ | | | 160660 |
| 3 | 80/17 | മെഡിക്കൽ ഓഫീസർ പി.എച്ച്.സി | പാലിയേറ്റീവ് കെയർ , ശ്രീ.രജീഷ് കെ.എം., ഡ്രൈവർ | 02/16-17<br>03/16-17<br>06/16-17<br>09/16-17<br>13/16-17 | 21.11.16<br>24.01.17<br>10.03.17<br>17.03.17<br>30.03.17 | 75900<br>33000<br>33000<br>16500<br>17450 |
| ആകെ | | | | | | **175850** |

ഒരു സാമ്പത്തിക വർഷത്തിൽ ഒരു വ്യക്തിക്കോ, ഒരു സ്ഥാപനത്തിനോ പഞ്ചായത്തിൽ നിന്നും ഒരേ ബില്ലിൽ നിന്ന വിവിധഘട്ടങ്ങളിലായി 100000/-രൂപയോ അതിൽ കൂടുതലോ കരാർ തുകയായി നൽകിയാൽ നിയമാനുസൃതമാ വരുമാന നികുതി ഈടാക്കേണ്ടതാണ്. ആയത് പ്രകാരം മേൽ സൂചിപ്പിച്ച ബില്ലുകൾ പ്രകാരം തുക നൽകിയിട്ടുണ്ടെങ്കില ഈടാക്കേണ്ട നികുതിയായ 3213 , 1759 എന്നീ തുകകൾ ഈടാക്കിയിട്ടില്ല. ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിനായ ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ നികുതിയിനത്തിൽ നഷ്ടം വന്ന 4972/-രൂ ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നോ ഈടാക്കി കേന്ദ്ര നികുതി ഹെഡിലേക അടവാക്കേണ്ടതാണ്.

## 3-4 വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

(1) താഴെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിനായി ഹാജരാക്കിയിട്ടില്ല. വിശദാംശം :-

| ക്രമ നം. | പ്രോജക്ട് നം | പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ആർക്ക് നൽകി | ട്രഷറി ബിൽ | തീയതി | തുക |
|---|---|---|---|---|---|---|---|
| 1 | 219/17 | വിവിധ വാർഡുകളിൽ വൈദ്യുത പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നത് | സെക്രട്ടറി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 22/16-17<br>24/16-17<br>29/16-17<br>33/16-17<br>46/16-17 | 23.02.17<br>23.02.17<br>09.03.17<br>09.03.17<br>09.03.17 | 62448<br>9268<br>39551<br>37089<br>146796 |
| 2 | 39/17, | നെടുമ്പാറ എസ്.സി കോളനിയിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറുന്നത് | സെക്രട്ടറി | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 47/16-17 | 31.03.17 | 19920 |
| 3 | 88/17 | പത്താം തരം തുല്യത ഫീസ് | ഹെഡ് മാസ്റ്റർ. ഗവ.യു.പി. എസ്, തലക്കോട് | ഡയറക്ടർ, കേരള സ്റ്റേറ്റ് ലിട്ടറസി മിഷൻ, തിരുവനന്തപുരം | 01/16-17 | 13.02.17 | 420000 |
| 4 | 89/17 | എസ്എസ്.എ വിഹിതം നല്കൽ | ഹെഡ് മാസ്റ്റർ. ഗവ.യു.പി.എസ്, തലക്കോട് | ഡയറക്ടർ, സാമൂഹ്യ സുരക്ഷ | 02/16-17 | 16.03.17 | 14400 |

| | | | | മിഷൻ, തിരുവനന്തപുരം | | | |
|---|---|---|---|---|---|---|---|
| 5 | 48/17 | ഐ.എ.വൈ. വിഹിതം. (എസ്.ടി) | അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറി ,ബ്ലോക്ക് പഞ്ചായത്ത് , കോതമംഗലം | 16/16-17 | 17.02.17 | 406375 |
| | ആകെ | | | | | | 1155847 |

മേൽ പരാമർശിച്ചിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ഹാജരാക്കുന്നതിനായി 20.10.20 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നമ്പർ 4 നല്കിയെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ധനവിനിയോ സാക്ഷ്യപത്രം ഹാജരാക്കുന്നത് വരെ 1155847/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(2) 1997 ലെ കേരള പഞ്ചായത്ത് രാജ് ( പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ) ചട്ടങ്ങൾ പ്രകാരമുള പെർഫോമൻസ് ഓഡിറ്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഓരോ പെർഫോമൻ ഓഡിറ്റ് യൂണിറ്റിന്റേയും പ്രവർത്തനങ്ങൾക്കായി ആ യൂണിറ്റിന്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകൾ 10000/- രൂ വീതം നീക്കി വെക്കാൻ 08.06.2015 ലെ ത.സ്വ.ഭ.വ വകുപ്പിന്റെ സർക്കാർ ഉത്തരവ്(എം.എസ്) നമ്പർ 188/2015 പ്രകാര നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 15.11.10 ലെ വൗച്ചർ നമ്പർ 38 പ്രകാരം 10000/- രൂപ സീനിയ സൂപ്രണ്ട്, പെർഫോമൻസ് ഓഡിറ്റ് , യൂണിറ്റ് 4, അശമന്നൂരിന് നൽകിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവി നിഷ്കർഷിച്ചിട്ടുള്ളതനുസരിച്ച് ഈ തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

## 3-5 മരുന്ന് ലഭ്യമാക്കിയില്ല

| ക്രമ നം | പ്രോജക്ട് നം. | പേര് | നിർവ്വഹണ ഉദ്യോഗ സ്ഥൻ | ബില്ല് നം | തീയതി | തുക | മരുന്ന് വിതരണം ചെയ്യുന്ന സ്ഥാപനം |
|---|---|---|---|---|---|---|---|
| 1 | 71/17 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01/ 16-17 | 25.01.17 | 300000/- | എം.ഡി. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി |
| 2 | 60/17 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 02/ 16-17<br>03/ 16-17<br>05/ 16-17 | 21.11.16<br>23.12.17<br>18.02.17 | 60000/-<br>200000/-<br>140000/- | ഔഷധി ഫാർമസ്യൂട്ടിക്കൽസ് കേരള ലിമിറ്റഡ് |

മേൽ പ്രോജക്ടുകൾ പ്രകാരം ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 300000/- രൂപയും, ആയുർവേ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിനായി 400000/-രൂപയും നല്കിയിട്ടുണ്ടെങ്കിലും ഹോമിയോ ആശുപത്രിയിലേക കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസിയിൽ നിന്ന് 300000/- രൂപയുടേയും, ആയുർവേ ആശുപത്രിയിലേക്ക് ഔഷധി ഫാർമസ്യൂട്ടിക്കൽസ് കേരള ലിമിറ്റഡ് 102151/- രൂപയുടേയും മരുന്ന് നല്കുവാനുണ്ട്. ആയ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

## 3-6 പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ - അപാകതകൾ

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെച്ചേർക്കുന്ന പ്രോജക്ടിൽ ചില അപാക കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 79/17, പട്ടിക ജാതിയിൽ പ്പെട്ട കുട്ടികൾക്ക് പഠനോപകരണങ്ങൾ |
| ട്രഷറി ബിൽ | 39/16-17, തീയതി 31.03.2017 രൂ.271965 |

കേരള ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ 23.03.2017 തീയതിയിലെ 119- ാം നമ്പർ ഇൻവോയ്സ് പ്രകാരം 68 സ്റ്റീൽ ടേബിളിന് 2445രൂപ + 14.5 % വാറ്റ് നിരക്കിൽ 190368/-രൂപയും , 6 സ്റ്റീൽ ചെയറിന് 1048 രൂപ +14.5% വാറ്റ് നിരക്കിൽ 81597/- രൂപയും ഉൾപ്പെടെ ആകെ 271965/-രൂപ നല്കിയിട്ടുണ്ട്. എന്നാൽ വിതരണ രജിസ്റ്റർ പ്രകാരം 66 കുട്ടികൾക്കേ പഠനോപകരണങ്ങൾ നല്കിയിട്ടുള്ളൂ. കൂടാതെ ഈ ആനുകൂല്യ മുൻപ് കൈപ്പറ്റിയിട്ടില്ല എന്ന് തെളിയിക്കുന്ന പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും, ബ്ലോക്ക് പഞ്ചായത്തിൽ നിന്നുമുള്ള സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 20.1 2017ൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് പട്ടികജാതി-പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും ആനുകൂല്യം കൈപ്പറ്റിയിട്ടി എന്ന് തെളിയിക്കുന്ന സർട്ടിഫിക്കറ്റ് മാത്രമാണ് ഹാജരാക്കിയത്.എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നുള സർട്ടിഫിക്കറ്റും,2 കുട്ടികൾക്ക് പഠനോപകരണങ്ങൾ നല്കാത്തതിനെക്കുറിച്ചും മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ മേ പ്രോജക്ടിനായി ചെലവഴിച്ച 271965/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 ആയുർവേദ മരുന്നുവാങ്ങൽ -ഡിസ്കൗണ്ട് ലഭ്യമാക്കാത്തത് സംബന്ധിച്ച്

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്നുവാങ്ങൽ പ്രോജക്ടിൽ ചി അപാകം കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം, പേര് | 60/17, ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ |
| ട്രഷറി ബിൽ | 01/16-17 തീയതി 21.11.2016 രൂ.200000<br>04/16-17 തീയതി 28.01.2017 രൂ. 100000 |

04.12.2008 -ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്)321/2008 പ്രകാരം ഔഷധി ഒഴികെയുള്ള ആയുർവേദ ഔഷ നിർമ്മാണ സ്ഥാപനങ്ങളിൽ നിന്നും മരുന്ന് വാങ്ങുമ്പോൾ അവർ മറ്റ് വിപണന ഏജൻസികൾക്ക് നല്കുന്ന ഡിസ്കൗണ്ട കമ്മീഷൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ലഭിച്ചു എന്ന് ഉറപ്പ് വരുത്തണം (ഭേഷജം 30 % മുതൽ 40% വരെ, കേര ആയുർവേദിക്ക് കോ- ഓപ്പറേറ്റിവ് സൊസൈറ്റി- 18% മുതൽ 25% വരെ)ആയുർധാര, ആരോഗ്യ ഫാർമ്മ എന്നിവർക്ക ഡിസ്കൗണ്ട് വ്യവസ്ഥ ബാധകമാണ്. എന്നാൽ ആയുർധാരയിൽ നിന്നും മേൽ സൂചിപ്പിച്ച ട്രഷറി ബിൽ നം പ്രകാരം ലക്ഷം രൂപയുടെ മരുന്ന് വാങ്ങിയിട്ടും പ്രസ്തുത സർക്കാർ ഉത്തരവ് പ്രകാരമുള്ള ഡിസ്കൗണ്ട് ലഭ്യമായിട്ടില്ല.

ആയുർവേദ മെഡിക്കൽ ഓഫീസറുടെ 01.08.2016, 8.12.2016 എന്നീ തീയതികളിലെ ആവശ്യപ്രകാരം ആയുർധാ ഫാർമ്മസ്യൂട്ടിക്കൽസിൽ നിന്നോ യഥാക്രമം 03.08.2016 ൽ 200000/-രൂപയുടേയും 09.12.2016 ൽ 100000/-രൂപയുടേ നല്കിയിട്ടുണ്ടെങ്കിലുംമുൻകൂർ ഇൻവോയ്സ് ബിൽ പ്രകാരം തുക നല്കിയ അവസരത്തിലോ, ഇൻവോയ്സിലോ ഡിസ്കൗണ്ട കാണിച്ചിട്ടില്ല.

ഡിസ്കൗണ്ട് ലഭിക്കുവാനുള്ള അർഹത ഉണ്ടായിരുന്നിട്ടും ആയത് ലഭ്യമാക്കുവാനുള്ള നടപടി സ്വീകരിക്കാതിരുന്നതി വിശദീകരണം ആവശ്യപ്പെട്ട് കൊണ്ട് 20.10.2017 ൽ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

സർക്കാർ നിർദ്ദേശം പാലിച്ച് അർഹമായ ഡിസ്കൗണ്ട് ലഭ്യമാക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടിയിരുന്ന എന്നാൽ അതുണ്ടായില്ല. ആയതിനാൽ ഈ പദ്ധതിക്കായി ചെലവഴിച്ച 3,00,000/- രൂപയുടെ ഡിസ്കൗണ്ട് ലഭ്യമാക്കുവാ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-8 വൈദ്യുതി ചാർജ്ജിനത്തിൽ അധിക തുക നൽകുന്നു

തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് മീറ്റർ സമ്പ്രദായത്തിൽ ആക്കുന്നതിന് പഞ്ചായത്തിൽ നിന്നും മുൻ വർഷങ്ങളി പ്രോജക്ട് മുഖാന്തിരം കേരള സംസ്ഥാന വൈദ്യുതി ബോർഡിലേക്ക് തുക നല്കിയിട്ടുണ്ടോയെന്ന് ആരാഞ്ഞ് ഓഡി എൻക്വയറി നല്കിയതിന്, ഇല്ലായെന്നും ഉപയോഗശൂന്യമായ തെരുവ് വിളക്കിന്റെ സംയുക്ത പരിശോധ നടത്തിയിട്ടില്ലായെന്നുമാണ് മറുപടി ലഭിച്ചത്. വൈദ്യുതി ചാർജിനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ 802973/ രൂപ പഞ്ചായത്തിൽ നിന്നും നൽകി.. കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടേയും പഞ്ചായത്തിന്റേയു കുടിവെള്ളത്തിനുവേണ്ടിയുള്ള വൈദ്യുതി ചാർജിനത്തിൽ നല്കുന്ന 218562/- രൂപ കൂടാതെയാണിത്. ഇപ്പോൾ 12 മണിക്കൂ ബേണിംങ് ചാർജിനത്തിലാണ് ശരാശരി 66914.4/-രൂപ മാസനിരക്കിൽ പഞ്ചായത്തിൽ നിന്ന് കെ.എസ്.ഇ.ബ ഈടാക്കിക്കൊണ്ടിരിക്കുന്നത്. മീറ്ററേതര ചാർജിനത്തിൽ പെടുന്ന എൽ.റ്റി 8 (എ) എന്ന താരിഫിലാണ് വൈദ്യു ചാർജ് ഈടാക്കി കൊണ്ടിരിക്കുന്നത്. എന്നാൽ മീറ്റർ സ്ഥാപിച്ചിട്ടുള്ള എൽ.റ്റി 8 (ബി) എന്ന താരിഫിലാണ് വൈദ്യു ചാർജ് കണക്കാക്കുന്നതെങ്കിൽ എത്രയാണോ ബേണിംങ് ചാർജ് ആയതിന്റെ തുക നല്കിയാൽ മതിയാകും. ആയതിനാ മീറ്റർ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്. കൂടാതെ ഉപയോഗ ശൂന്യമാ

വൈദ്യുത പോസ്റ്റുകൾ സംയുക്ത പരിശോധന നടത്തി ബില്ലിൽ നിന്നും ഒഴിവാക്കുന്നതിനുള്ള നടപ
സ്വീകരിക്കേണ്ടതാണ്.

.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 520000 | വാർഡ് 3 ലെ ഏഴാം നമ്പർ അങ്കണവാടി നിർമ്മാണം | 520000 | 0 |
| | 2016-17 | 200000 | വിഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 200000 | 0 |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷം താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നല്കിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം. | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | മൂന്നാം വാർഡ് എസ്.സി. കമ്മ്യൂണിറ്റി ഹാളിന് വാട്ടർ കണക്ഷൻ | 21600854/ 25.3.17 | 8100 | 8100 |
| | പഞ്ചായത്തിന്റെ വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21600650/ 23.1.17 | 1000000 | 1000000 |
| | 12,13,14,15 വാർഡുകൾ ഒഴികെയുള്ള വിവിധ വാർഡുകളിലേക്ക് പൈപ്പ് ലൈൻ നീട്ടൽ | 21600857/ 25.3.17 | 1100000 | 1100000 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | തീണ്ടാപാറ എസ്.സി. കോളനി ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കൽ | 21600938/ 31.3.17 | 19920 | 19920 |
| | വിവിധ വാർഡുകളിൽ ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21600771/ 27.2.17 | 9268 | 295152 |
| | | 21600772/ 27.2.17 | 62448 | |

| | | | | |
|---|---|---|---|---|
| | | 21600816/ 13.3.17 | 39551 | |
| | | 21600852/ 25.3.17 | 37089 | |
| | | 21600931/ 31.3.17 | 146796 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാന തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| **വായ്പയുടെ പേര്/ ഉദ്ദേശ്യം** | **ഉത്തരവ് നമ്പർ /തിയ്യതി** | **വായ്പ തുക** | **വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** | **തൻവർഷം തിരിച്ചടച്ച തുക** | | **വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇഎംഎസ് ഭവന പദ്ധതി | സ.ഉ. (സാ.ധാ) 564/2010 ത.സ്വ.ഭ.വ 22.02.2010 | 16000000 | 3631083 | 1309225 | 372221 | 2321858 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമ പഞ്ചായത്തിലെ സ്ഥിര നിക്ഷേപങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന നിക്ഷേപം | 5201141 |
| തൻ വർഷം നിക്ഷേപിച്ച തുക | - |
| ആകെ | 5201141 |
| തന്നാണ്ടിൽ പിൻവലിച്ച തുകയുടെയും | - |
| തന്നാണ്ടിൽ ലഭിച്ച പലിശ | 507112 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷപം | 5708253 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| **നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം** | **രസീത് നം./ തീയതി** | **തുക** |
|---|---|---|
| കവളങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 0101022179 | 1617823 |
| കവളങ്ങാട് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | 0101021490 | 4090430 |
| **ആകെ** | | **5708253** |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 900 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| **റിപ്പോർട്ടു വർഷം** | **ഭാഗം / ഖണ്ഡിക** | **ഈടാക്കിയ തുക** | **ഒടുക്കിയ ആളുടെ പേരും** | **രസീത് നം. തീയ്യതി** |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | | ഉദ്യോഗപ്പേരും | |
| 2011-12 | 3-2 | 900 | വി.കെ.അബ്ദുൾ നാസിർ | 117030102389 10.10.2017 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കവളങ്ങാട് പഞ്ചായത്തിനെ സംബന്ധിച്ച് സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 to 2000-01 | 40 | 2005-06 | II 7(41)(i) | റോഡ് പണിയിൽ ലഭിച്ച മണ്ണ്,പാറ എന്നിവയുടെ വിനിയോഗ വിവരമില്ലാത്ത തിനാൽ ചെലവ് നിരാകരിച്ചത് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(7) | വൈദ്യുതി ലൈൻ നീട്ടൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 39.4(8) | വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് | സമിതി തീർപ്പാക്കിയിട്ടില്ല |
| 2003-04 | 3-11 | 2006-07 | III 49.1 | ഗുണഭോക്തൃ ലിസ്റ്റിലില്ലാ ത്തവർക്ക് ജലസേചന കിണറിന് സബ്സിഡി നൽകി | സമിതി തീർപ്പാക്കിയിട്ടില്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,90,72,038 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,87,09,960 |
| വരവിനങ്ങളിലുള്ള നഷ്ടം | 14,990 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 67,597 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 14,27,812 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ (ബി)യിലേയും (സി)യിലേയും തുകയാണ്)

.

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 14,990 | - | ശ്രീമതി ജലജ ടി.എം, സെക്രട്ടറി |
| 3-1 | | 44457 | ശ്രീമതി. ഷൈലജ കെ.പി. അസിസ്റ്റന്റ് എൻജിനീയർ |
| 3-2 | | 18168 | |
| **ആകെ** | **14,990** | **62625** | |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4 | (1) 3,15,072 | ശ്രീമതി ജലജ ടി.എം, സെക്രട്ടറി |
| | (2) 4,34,400 | ശ്രീമതി പി.കെ.വത്സല ഹെഡ് മാസ്റ്റർ, ഗവ.യു.പി.എസ്.,തലക്കോട് |
| | (3) 4,06,375 | ശ്രീമതി ആർ.ജലജ അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 2,71,965 | ശ്രീമതി ആർ.ജലജ അസിസ്റ്റന്റ് സെക്രട്ടറി |
| **ആകെ** | **14,27,812** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | (1) 3,213 | ശ്രീമതി ജലജ ടി.എം, സെക്രട്ടറി |
| | (2) 1,759 | ഡോ. ലൂസീന ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നേര്യമംഗലം. |

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജലജ ടി.എം, സെക്രട്ടറി | സെക്രട്ടറി, കവളങ്ങാട് ഗ്രാമ പഞ്ചായത്ത് | ആര്യകൊമ്പിൽ വീട്, ശാന്തിഗിരി പി.ഒ, പോത്തൻകോട്, തിരുവനന്തപുരം. |
| ഷൈലജ കെ.പി, അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | അസി. എഞ്ചിനീയർ, എൽ.എസ്.ജി.ഡി | ചിറ്റത്ത്കുടി വീട്, പാനിപ്ര പി.ഒ, കോതമംഗലം. |
| ഡോ. ലൂസീന ജോസഫ്, മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നേര്യമംഗലം. | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി നേര്യമംഗലം. | തല്ലായിക്കാട്ട് വീട്, പാടി പി.ഒ, കോടാലി, തൃശ്ശൂർ. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി1)948/99, 07/09/1999 |
| 1997-98 മുതൽ 2001-02വരെ (പദ്ധതി വിഹിതം) | എൽ.എഫ്.ഇ.(പി1)943/04, 01/02/2005 |
| 1997-98 | എൽ.എഫ്.ഇ.(പി7)2076/07, 04/11/2009 |
| 1998-99 | എൽ.എഫ്.ഇ.(പി7)2077/07, 04/11/2009 |
| 1999-2000 | എൽ.എഫ്.ഇ.(പി7)2078/07, 04/11/2009 |
| | |

| | |
|---|---|
| 2000-2001 | എൽ.എഫ്.ഇ.(പി7)2079/07, 04/11/2009 |
| 2001-02 | എൽഎഫ്.ഇ.(പി1)301/04, 04/06/2004 |
| 2002-03 | എൽ.എഫ്.ഇ.(പി7)1448/05, 30/11/2006 |
| 2003-04 | എൽ.എഫ്.ഇ.(പി7)260/07 , 14/02/2007 |
| 2004-05 | എൽ.എഫ്.ഇ.(പി7)465/11, 14/02/2007 |
| 2005-06 | എൽ.എഫ്.ഇ.(പി7) 466/11, 14/02/2007 |
| 2006-07 | എൽ.എഫ്.ഇ.(പി7)467/11, 14/02/2007 |
| 2007-08 | എൽ.എഫ്.ഇ.(പി7)468/11, 14/02/2007 |
| 2008-09 മുതൽ2010-11വരെ | എൽ.എഫ്.ഇ.(പി7)179/13 , 14/02/2013 |
| 2011-12 മുതൽ2012-13വരെ | എൽ.എഫ്.ഇ.(പി7)1377/2014,10/10/2014 |
| 2013-14 മുതൽ 2014-15 വരെ | കെ.എസ്.എ-ഇ.കെ.എം (പി7) -972/2016, 22.06.2016/7.7.16 |
| 2015-16 | കെ.എസ്.എ-ഇ.കെ.എം (പി7) -2241/2016/ 02.02.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ.ഇകെഎം(പി.7)2027/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
ഇ-മെയിൽ:doekm.ksad@kerala.gov.in
തീയതി : 30.11.2017

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 – ലെ കേരള പഞ്ചായത്ത് രാ
നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കം

ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായ ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ കവളങ്ങാട് ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ട

# APPENDIX I

## AUDIT CERTIFICATE

No.K.S.A.-EKM(P7) 2027/17

Kerala State Audit Department
District Audit Office, Ernakulam,
Civil Station, Kakkanad -682 030
Phone : 0484 2422271,
E-mail : doekm.ksad@kerala.gov.in
Date:- 30.11.2017

Certified that I have audited the Annual Financial Statement of Kavalangad Grama Panchayat in Ernakula District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit A 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guideline issued by the Comptroller and Auditor General of India for the purpose of certification of accounts Panchayats.

In my opinion, the Financial Statement of Kavalangad Gramapanchayat for the year 2016-17 properly presen the picture of income and expenditure.

.

Deputy Directo